C6/2120/2019/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 08.06.2019

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനകാര്യം - സർക്കാർ കോളേജുകൾ - ഐ എം ജി - പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽ പെട്ട സർക്കാർ ഉദ്യോഗസ്ഥർക്ക് ഡിപ്പാർട്മെന്റൽ ടെസ്റ്റിന് വേണ്ടിയുള്ള പരിശീലനത്തിന് നാമനിർദേശം ക്ഷണിക്കുന്നത് സംബന്ധിച്ച്

സൂചന :- 20.05.2019 ലെ തിരുവനന്തപുരം ഐ എം ജിഡയറക്ടറുടെ 141 /പി 2/2019/ ഐ എം ജി നമ്പർ കത്ത്

*********

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപെടുന്ന സർക്കാർ ഉദ്യോഗസ്ഥരെ ഡിപ്പാർട്മെന്റൽ ടെസ്റ്റിന് പ്രാപ്തരാക്കുന്നതിനു വേണ്ടിയുള്ള പരിശീലനം ഐ എം ജിയുടെ തിരുവനന്തപുരം , കൊച്ചി ,കോഴിക്കോട് കേന്ദ്രങ്ങളിൽ വെച്ച് 2019 ജൂൺ 20 മുതൽ ജൂലൈ 16 വരെ നടത്തുന്നതാണെന്നു ഐ എം ജി ഡയറക്ടർ അറിയിച്ചിരിക്കുകയാണ് . മേൽ സാഹചര്യത്തിൽ ഈ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും അടുത്ത ഡിപ്പാർട്മെന്റൽ ടെസ്റ്റിന് വേണ്ടി പി.എസ്.സി യിൽ അപേക്ഷ സമർപ്പിക്കുന്നതും , എല്ലാ പേപ്പറുകളും എഴുതേണ്ടവരുമായ ക്ലാസ്സ് 2, ക്ലാസ്സ് 3 വിഭാഗത്തിലുള്ള പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ ഇതോടൊപ്പമുള്ള പ്രൊഫോർമയിൽ 10/06/2019 നു 5 PM നു മുൻപായി ഈ കാര്യാലയത്തിൽ അയച്ചു തരേണ്ടതാണ്.

| പേര് ,തസ്തിക | ജോലി ചെയ്യുന്ന സ്ഥാപനം | ഫോൺ നമ്പർ |
|---|---|---|
| | | |
| | | |

നാമനിർദേശം ചെയ്യുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും മുൻപ് ഈ പരിശീലന പരിപാടിയിൽ പങ്കെടുത്തിട്ടില്ല എന്നും ഡിപ്പാർട്മെന്റൽ പരീക്ഷ ഭാഗികമായി വിജയിച്ചിട്ടില്ല എന്നും പരിശീലന കാലാവധി മുഴുവനും പരിശീലനത്തിൽ പങ്കെടുത്തു കൊള്ളാമെന്നുമുള്ള ഒരു സാക്ഷ്യപത്രം വാങ്ങി പ്രൊഫോർമയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ് .

Approval Valid

Digitally Approved By
ഷൂജ ആർ
Date: 08.06.2019
Reason: Approved

ഒപ്പ് /-
**ഷൂജ ആർ**
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ